നമ്പർ. എ3/3268/2018/ഫാ&ബോ

"സുരക്ഷാഭവൻ"
ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ
കാര്യാലയം, കുമാരപുരം, തിരുവനന്തപുരം-11
ഫോൺ. 0471-2441597
ഇ-മെയിൽ- director@fabkerala.gov.in
തീയതി. 15/11/2018.

## സർക്കുലർ നമ്പർ 29/2018

വകുപ്പിലെ സേവനങ്ങളും ഫയൽ പ്രോസസിംഗും പൂർണമായി ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിപ്പിക്കേണ്ടതിനാൽ ഇതര ആവശ്യങ്ങൾക്കായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതുമൂലം അധിക ഡേറ്റ ഉപയോഗവും തൻമൂലം ഇന്റർനെറ്റിന്റെ വേഗത കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, വകുപ്പിലെ ഇന്റർനെറ്റ് ഉപയോഗം ഔദ്യോഗികാവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടത് വളരെ അനിവാര്യമായിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ വകുപ്പുതല സേവനങ്ങളും ഫയൽ പ്രോസസിംഗും കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനും വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിന്റെ സുരക്ഷ മുൻനിർത്തിയും ഈ ഇനത്തിലെ ചെലവുകൾ കുറയ്ക്കുന്നതിനുമായി വകുപ്പിലെയും കീഴോഫീസുകളിലെയും ഇന്റർനെറ്റ് ഉപയോഗം ഔദ്യോഗികാവശ്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശം ഇതിനാൽ പുറപ്പെടുവിക്കുന്നു. പരിപത്രത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ടെന്ന് അതാത് ഓഫീസ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണെന്നും കർശനമായി നിർദ്ദേശിക്കുന്നു.

OFFICE OF THE DIRECTOR OF FACTORIES & BOILERS KERALA

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ

പകർപ്പ്:- 1. എല്ലാ JD/IF/AIF മാർക്കും
2. AO/FO/SS/HS
3. എല്ലാ സെക്ഷനുകൾക്കും സെക്ഷൻ ഹെഡുകൾക്കും
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

SA